പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2454 18/07/2011-ലെ മറുപടിക്ക്.

വീട്ടുജോലിക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) മുൻസർക്കാർ നടപ്പിലാക്കിയ വീട്ടുജോലിക്കാർക്കായുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജകരായി ഇതിനകം എത്ര പേരുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ; | (എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാവുന്നതിനായി 10,249 വീട്ടുജോലിക്കാർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ഇതിനകം എത്ര പേർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയെന്നും ഈ ഇനത്തിൽ എത്ര രൂപ വീതം ഓരോരുത്തർക്കും നല്കിയെന്നും വെളിപ്പെടുത്തുമോ; | (ബി) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നവർക്ക് നൽകുന്ന സ്മാർട്ട് കാർഡിൽ തൊഴിൽ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്താറില്ല. അക്കാരണത്താൽ ഇതിനകം എത്ര ഗാർഹിക തൊഴിലാളികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കിയെന്നും എത്ര രൂപയുടെ ആനുകൂല്യം ഓരോരുത്തർക്ക് നൽകിയെന്നും വിശദമാക്കുന്നതിന് നിർവ്വാഹമില്ല. |
| (സി) കേന്ദ്ര സർക്കാർ ഇപ്പോൾ പ്രഖ്യാപിച്ച വീട്ടുജോലിക്കാർക്കുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാനത്ത് ഇതിനകം എത്ര ഗുണഭോക്താക്കളുണ്ടെന്ന് വെളിപ്പെടുത്താമോ; | (സി) വീട്ടുജോലിക്കാരെ ആർ.എസ്.ബി.വൈ-യിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാർ ഇപ്പോൾ തീരുമാനിച്ച സാഹചര്യത്തിൽ പുതിയ സർവ്വേ നടത്തി ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കുന്നതാണ്. |

| | |
|---|---|
| (ഡി) ഈ പദ്ധതി പ്രകാരം പ്രസ്തുത വിഭാഗത്തിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാകുക എന്ന് വിശദമാക്കുമോ ? | (ഡി) ഒരു കുടുംബത്തിലെ 5 അംഗങ്ങൾക്ക് 30,000 രൂപയുടെ ചികിത്സ തെരഞ്ഞെടുത്തിട്ടുള്ള സർക്കാർ, സ്വകാര്യ, സഹകരണ ആശുപത്രികളിൽ നിന്നും സൗജന്യമായി ലഭിക്കും. ആശുപത്രിയിൽ കിടന്നുള്ള ചികിത്സക്കാണ് ഇപ്രകാരം സൗജന്യം ലഭിക്കുന്നത്. മരുന്നുകളും ടെസ്റ്റുകളും സൗജന്യമായി ലഭിക്കും. ഇതിനുപുറമേ 2010-11 വർഷം മുതൽ ചിസ്പ്ലസ് പദ്ധതിയിൻ കീഴിൽ വരുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് ക്യാൻസർ, ഹൃദ്രോഗം, കിഡ്നി സംബന്ധമായ അസുഖങ്ങൾക്ക് 70,000 രൂപയുടെ അധിക ചികിത്സാ സഹായം തിരഞ്ഞെടുക്കപ്പെട്ട സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ മുഖേന നൽകുന്നുണ്ട്. കുടുംബനാഥനും ഭാര്യക്കും കൂടാതെ ആശ്രിതരായ മൂന്നുപേർക്കുമാണ് ചികിത്സാ പരിരക്ഷയുള്ളത്. ആർ.എസ്.ബി.വൈ. കുടുംബത്തിലെ നാഥൻ/നാഥ അവരുടെ ഭർത്താവ്/ഭാര്യ എന്നിവർക്ക് അപകടമരണം സംഭവിച്ചാൽ 2 ലക്ഷം രൂപ വരെ നഷ്ടപരിഹാരം ലഭിക്കും. ഗുരുതരമായ തീപ്പൊള്ളലേറ്റാലും (60 % നു മുകളിൽ) 50,000 രൂപവരെ ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കും. |

സെക്ഷൻ ഓഫീസർ

അനുബന്ധം

സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ
അംഗമാവുന്നതിനു രജിസ്റ്റർ ചെയ്ത വീട്ടു
ജോലിക്കാരുടെ ജില്ലതിരിച്ചുള്ള കണക്ക്.

| | |
|---|---|
| Thiruvananthapuram | 2247 |
| Kollam | 2175 |
| Pathanamthitta | 1005 |
| Alappuzha | 672 |
| Kottayam | 166 |
| Ernakulam | 501 |
| Idukki | 137 |
| Thrissur | 521 |
| Palakkad | 453 |
| Kozhikkode | 439 |
| Malappuram | 890 |
| Kannur | 827 |
| Kasargode | 167 |
| Wayanad | 49 |
| **Total** | **10249** |